# അക്കാദമിക് മാസ്റ്റർപ്ലാൻ

## എച്ച്. ഐ. എ. യു. പി സ്കൂൾ ചിത്താരി

## 2025-26

ബോധന മാധ്യമമായി സ്വീകരിച്ചിട്ടുണ്ട്. കൂൺ പോലെ പൊങ്ങുന്ന അൺ എയ്ഡഡ് വിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ ഒഴുക്കിനെ തടയുന്നതിന് ഇംഗ്ലീഷ് ബോധന മാധ്യമത്തിലാക്കി മാറ്റിയത്. എൽ സി ഡി പ്രൊജക്ടർ എന്നിവയോടുകൂടിയ സ്മാർട്ട് റൂം നമ്മുടെ വിദ്യാലയത്തിന് സ്വന്തമായുണ്ട്.

നിലവിൽ ഈ വിദ്യാലയത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ 617 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇവരുടെ സർവ്വതോന്മുഖ പുരോഗതി ലക്ഷ്യമിട്ട് ക്ലാസുകൾ നയിക്കുന്ന 30 അധ്യാപകരും ഇവിടെ ഉണ്ട്. 30 ക്ലാസ് മുറികൾ ഈ വിദ്യാലയത്തിൽ നിലവിലുണ്ട്. ചുറ്റു മതിലും ഗേറ്റും ഉൾപ്പെടെ അത്യാധുനിക രീതിയിൽ ടൈലുകൾ പതിച്ചു തയ്യാറാക്കിയ ഒരു അസംബ്ലി ഹാളും ഈ വിദ്യാലയത്തിനുണ്ട് എന്നതിനാൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. ഒന്നാന്തരമാക്കി മാറ്റിയ ഒന്നാംക്ലാസും ഈ സ്കൂളിന്റെ അഭിമാനിക്കാവുന്ന മറ്റൊരു നേട്ടം തന്നെയാണ്. വിവരസാങ്കേതിക വിദ്യയിൽ വിദഗ്ധനായ ഒരു ഓഫീസ് അസിസ്റ്റന്റ് നമുക്കുണ്ട്. കൂടാതെ സ്കൂളിന്റെ എല്ലാ പുരോഗതിയിലും ചുക്കാൻ പിടിക്കാൻ ഏതവസരത്തിലും നമ്മോടൊപ്പം നമ്മുടെ മാനേജ്മെന്റ് ഉണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്.

ചിത്താരിയിലെയും പരിസര പ്രദേശങ്ങളിലേയും നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് അക്ഷര മധുരം വിളമ്പി വിജ്ഞാനത്തിന്റെ പൊതുമണ്ഡലങ്ങളിലേക്ക് എത്തിച്ച വിദ്യാലയമാണ് ചിത്താരി ഹിമായത്തുൽ ഇസ്ലാം എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ. സെന്റർ ചിത്താരി മുഹ്‌യുദ്ദീൻ ജമാഅത്ത് കമ്മിറ്റിയുടെ കീഴിലാണ്, നിരന്തരം പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിക്കുന്ന ഈ വിദ്യാലയം പ്രവത്തിച്ചു വരുന്നത്. 1939 കാലഘട്ടത്തിൽ വെറും നാല് ക്ലാസ് മുറികളുമായി ലോവർ പ്രൈമറി വിദ്യാലയമായിട്ടായിരുന്നു ഇതിന്റെ തുടക്കം. എന്നാൽ 1977 ൽ തന്നെ ഈ വിദ്യാലയം ഒരു അപ്പർ പ്രൈമറി വിദ്യാലയമായി ഉയർന്നിരുന്നു. ഒന്നു മുതൽ ഏഴുവരെ ഓരോ ഡിവിഷൻ മാത്രമുള്ള സ്കൂൾ ആയിട്ടായിരുന്നു ആരംഭം. എന്നാൽ ഇപ്പോൾ ഒന്നു മുതൽ ഏഴുവരെ ക്ലാസുകളായി ഇരുപത്തി മൂന്ന് ഡിവിഷനുകൾ സ്കൂളിലുണ്ട്. ലോവർ പ്രൈമറി വിഭാഗത്തിൽ 10 ഡിവിഷനുകളും അപ്പർ പ്രൈമറി വിഭാഗത്തിൽ 13 ഡിവിഷനുകളുമാണ് ഈ വിദ്യാലയത്തിൽ ഉള്ളത്. പൂർണ്ണമായും മലയാളം മീഡിയത്തിൽ അധ്യയനം നടത്തിയിരുന്ന ഈ വിദ്യാലയത്തിൽ രക്ഷിതാക്കളുടെ നിരന്തരമായ അഭ്യർത്ഥനകൾ മാനിച്ച് ഇപ്പോൾ ഇംഗ്ലീഷ്

ആധുനിക സൗകര്യത്തോടുകൂടിയ അടുക്കള, യൂണിഫോം (കോട്ടും തലപ്പാവും) അണിഞ്ഞ പാചകക്കാർ. വൈവിധ്യമാർന്ന രീതിയിലുള്ള ഭക്ഷണം. കുട്ടികൾക്ക് കുടിക്കാനാവശ്യമായ ഫിൽട്ടർ ചെയ്ത കുടിവെള്ള സംഭരണി ഇതൊക്കെ ഈ വിദ്യാലയത്തിന് സ്വന്തമായിട്ടുണ്ട്. എന്നാൽ കുട്ടികൾക്ക് യഥേഷ്ടം കളിക്കാൻ ആവശ്യമായ മൈതാനം, ഈ സ്കൂളിന് ഇന്നും ഒരു കിട്ടാക്കനിയാണ് ഒരു നല്ല പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ഔഷധ സസ്യങ്ങൾ എന്നിവയടങ്ങിയ ഒരു ജൈവ വൈവിധ്യ ഉദ്യാനം ഈ സ്കൂളിന്റെ സാക്ഷാൽക്കരിക്കാത്ത സ്വപ്നങ്ങളിൽ പെട്ട മറ്റൊന്നാണ്.

പാഠ്യേതര രംഗങ്ങളിൽ മികച്ച പ്രകടനമാണ് ഈ വിദ്യാലയത്തിലെ കുട്ടികൾ കാഴ്ച വെക്കുന്നത്. വർഷങ്ങളോളമായി ഉപജില്ലാ സ്കൂൾ കലോത്സവത്തിലെ യു.പി വിഭാഗം ചാമ്പ്യന്മാർ നമ്മുടെ സ്കൂളിലെ കുട്ടികളാണ്. എൽ.പി വിഭാഗത്തിലും മികച്ച പ്രകടനമാണ് നേടിയത്. പ്രവൃത്തി പരിചയമേളയിലും മികച്ച പ്രകടനം നേടിയെടുത്തിരുന്നു. കായിക മേളയിലും നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും മികച്ച പ്രകടനങ്ങൾ കാഴ്ച വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒരു Play Ground ഇല്ല എന്നത് ഈ പ്രകടനങ്ങൾക്ക് മങ്ങലേൽക്കാൻ ഒരു കാരണമാണ്.

കഴിഞ്ഞവർഷം (2024-25) ഈ വിദ്യാലയത്തിൽ നിന്നും കുട്ടികൾ എൽ. എസ്. എസ്, യു. എസ്. എസ് പരീക്ഷകൾ എഴുതിയിരുന്നു. അതിൽ 2 എൽ. എസ്. എസും 8 യു. എസ്. എസും നേടിയെടുത്ത് സ്കൂളിന്റെ അഭിമാന താരമായി മാറി.

വിവിധ ക്വിസ് മത്സരങ്ങളിലും ഇവിടുത്തെ കുട്ടികൾ ഉപജില്ല - ജില്ലാ തലങ്ങളിൽ ഒന്നാമതെത്തിയിട്ടുണ്ട്. തൊട്ടടുത്ത പ്രദേശങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് വാഹന സൗകര്യം മാനേജ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട് 7 ബസ്സുകളാണ് നിലവിൽ ഉള്ളത്.

# ഉള്ളടക്കം

എൽ.പി. തലം

## ഒന്നാം തരം

ഭാഷ
- മലയാളം
- ഇംഗ്ലീഷ്

## രണ്ടാം തരം

ഭാഷ
- മലയാളം
- ഇംഗ്ലീഷ്
- ഗണിതം

## മൂന്നാം തരം

- മലയാളം
- ഗണിതം
- ഇംഗ്ലീഷ്
- പരിസരപഠനം

## നാലാം തരം

- മലയാളം
- ഇംഗ്ലീഷ്
- പരിസരപഠനം
- ഗണിതം

- എൽ.പി അറബിക്

പങ്കിടാനുമുള്ള കഴിവ് നേടുക.

3. ഓരോ കുട്ടിയും, സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ വ്യക്തമായി അവതരിപ്പിക്കാനുള്ള കഴിവ് നേടുക.

4) ഓരോ കുട്ടിയും സ്വന്തം ആശയം, ഡയറി വിവരണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

5) ഓരോ കുട്ടിയും സർഗ്ഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.

6) സർഗ്ഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.

7) ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറി പ്രസിദ്ധീകരിക്കുക.

8) ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

## ജൂൺ മാസത്തെ പ്രധാനലക്ഷ്യങ്ങൾ.

1) പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് PTA ഉറപ്പാക്കുക.

2) എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക.

3) രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചു കേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.

അക്കാദമിക മാസ്റ്റർ പ്ലാൻ:

ക്ലാസ് 1 : മലയാളം.

സ്കൂൾ: HIAUPS ചിത്താരി

ബേക്കൽ ഉപജില്ല.

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തിയിട്ടുമുണ്ട്.

ഈ അക്കാദമിക വർഷം ഒന്നാംക്ലാസിൽ 51 കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി അനുഭവമുള്ളവരും അംഗനവാടി അനുഭവമുള്ളവരും ഇവയൊന്നും ലഭിക്കാത്തവരും ഉണ്ട്.

വാർഷിക ലക്ഷ്യങ്ങൾ:-

1) ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.

2) ലഘു ബാലസാഹിത്യകൃതികൾ ഓരോ കുട്ടിയും ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.

3) ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റുരീതികളിലും

(4) വായിച്ചു കേട്ട കഥ അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക.

(5) വായനാകാർഡുകളുടെ വായന.

(6) പാട്ടരങ്ങ് ഒറ്റയ്ക്കും കൂട്ടായും നടത്തുക.

(7) ഓരോ കുട്ടിയെയും പ്രധാന പഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക.

(8) ഡിജിറ്റൽ പോർട്ട് ഫോളിയോ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക.

(9) എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിന് അവർക്ക് തടസമില്ലാത്ത അവതരണങ്ങൾ നടത്താനാവും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക.

(10) പഠനാന്തരീക്ഷം ആകർഷകമാക്കുക.

## ജൂൺ മാസ പ്രവർത്തനങ്ങൾ

1. പൂർണ്ണ പങ്കാളിത്ത ക്ലാസ് പിടിഎ
2. വായനോത്സവവും കഥാവേളയും.
3. ഒന്നൊരുക്കാം
4. വായനാകാർഡുകൾ

സംയുക്ത വിലയിരുത്തൽ

ഒന്നാം തരം - ഇംഗ്ലീഷ്

## ഇംഗ്ലീഷ്

| ലക്ഷ്യം: | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ. | കാർട്ടൂൺ പ്രദർശനം | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |

## രണ്ടാം തരം → ഭാഷ [മലയാളം, ഇംഗ്ലീഷ്]

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 മലയാളം മധുരം | ആത്മവിശ്വാസത്തോടെ സ്വതന്ത്രവായന സർഗശേഷി വികസനം | CPTA അവബോധനം - ജൂൺ രക്ഷിതാവുമൊത്ത് വായന- ജൂലൈ | ക്ലാസ് ടീച്ചർ രക്ഷിതാവ് | 3000 |
| 2 സംയുക്ത ഡയറി | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറഞ്ഞ് രേഖപ്പെടുത്തുന്നു. സ്വതന്ത്ര രചന | ജൂൺ മുതൽ | ക്ലാസ് ടീച്ചർ രക്ഷിതാവ് | 2000 |
| 3 പാട്ടരങ്ങ് | താളം മനസിലാക്കുന്നു ഈണം നൽകുന്നു. പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. | ആഗസ്റ്റ് മുതൽ | ക്ലാസ് ടീച്ചർ രക്ഷിതാവ് | 1000 |
| 4 സചിത്ര പുസ്തകം | കുട്ടികൾ സ്വന്തമായി രചിതാക്കളും വായനക്കാരുമായി മാറുന്നു. | ജൂൺ മുതൽ | ക്ലാസ് ടീച്ചർ രക്ഷിതാവ് | 5000. |
| 5 റീഡേഴ്സ് തിയറ്റർ. | മികച്ച വായനക്കാരാകുന്നു. | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ | 1000. |
| 6 നാട്ടുവിശേഷം | നിരീക്ഷണം, പരീക്ഷണം നടത്തി ക്ലാസ് പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂലൈ - മാർച്ച് | CPTA, SRG ക്ലാസ് ടീച്ചർ | 1000 |
| 7. രചനോത്സവം | കുട്ടികൾ രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു. | സെപ്റ്റംബർ - മാർച്ച് | ക്ലാസ് ടീച്ചർ CPTA | 2000 |
| 8 വായനോത്സവം | കുട്ടികളിൽ വായനാശീലം വളർത്തുന്നു. | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് | 2000. |

ഗണിതം

| ലക്ഷ്യപ്രസ്താവനകൾ | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പ |
|---|---|---|---|---|
| ▲ കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു.<br>▲ ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു.<br>▲ യുക്തി ബോധം വളർത്തുന്നു. | അനുയോജ്യമായ ഗണിത കളികളിൽ ഏർപ്പെടുന്നു.<br>കൂട്ടുകാരെ കണ്ടെത്താം (സങ്കലനം)<br>ഡൊമിനോ കളികൾ (വ്യവകലനം)<br>ബൗൾകളി (ഗുണനം) | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ SRG | |
| ▲ ELPS മുഖേന ഗണിത ശേഷികൾ ഉറപ്പിക്കുന്നതിലും രസകരവുമാക്കുന്നതിന്<br>▲ ഗണിതം ആസ്വാദ്യകരമാക്കുന്നതിന് | ഗണിതകിറ്റ്<br>10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാകുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിതകിറ്റ് ഉൾപ്പെടുത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് | |

- മറ്റ് പദങ്ങൾ കണ്ടെത്തി എഴുതുന്നു.

## ആഗസ്റ്റ്

- ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും കാണാനും പുനരവതരണത്തിനുള്ള ഒരു അവസരം നൽകുന്നു.
- കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുന്നു എഴുതുന്നു.
- വാക്യങ്ങൾ നിർമിക്കുന്നു

## സെപ്തംബർ

- കഥ അവതരിപ്പിക്കുന്നു.
- ചോദ്യങ്ങൾ ഉത്തരങ്ങൾ കണ്ടെത്തുന്നു
- കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരക്കുന്നു, പേര് എഴുതുന്നു.

## ഒക്ടോബർ

- വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ.
- ചിത്രം നോക്കി പേര് എഴുതൽ.
- മല, വലിയ മല, മരങ്ങളുള്ള വലിയ മല
- ഇതുപോലെയുള്ള മറ്റ് വാക്യങ്ങൾ സ്വയം കണ്ടെത്തൽ എഴുതൽ.

## നവംബർ

- ചിഹ്നങ്ങൾ ഉറപ്പിക്കൽ.
- ICT ചിത്രം കാണിക്കുന്നു, വാക്യങ്ങൾ എഴുതൽ.
- പരിചിതമായ വാക്യങ്ങൾ ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ.
- ഉചിതമായ ചിഹ്നങ്ങൾ ചേർക്കാനവസരം നൽകുന്നു.

# മലയാളം

## ആമുഖം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ ~~കുട്ടിയും~~ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും, മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതയുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്

## ലക്ഷ്യം:-

- ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതാനും പഠിപ്പിക്കൽ. (ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ)

## പ്രവർത്തന പദ്ധതികൾ

### ജൂൺ

- പ്രീ ടെസ്റ്റ് നടത്തുന്നു.
- അവലോകനം നടത്തൽ.
- വിവിധ നിലവാരക്കാരെ കണ്ടെത്തൽ.
- പി.ടി.എ. മീറ്റിംഗ് നടത്തുന്നു,

### ജൂലൈ

- ചിത്രം വീഡിയോ കാണിക്കുന്നു.
- വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു.
- ഓരോന്നിന്റെയും പേരുകൾ പറയുന്നു. എഴുതുന്നു (പദസൂര്യൻ)

ഡിസംബർ

- ലളിതമായ വായനാകാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കൽ.
- സ്വയം വായിക്കാനുള്ള അവസരം നൽകൽ

ജനുവരി

- അധ്യാപിക തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
- കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു.
- കഥയിലെ കഥാപാത്രങ്ങൾ പറയിപ്പിക്കുന്നു
- ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമിക്കുന്നു.

ഫെബ്രുവരി

- കഥാചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു
- ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു.
- കഥാപതിപ്പ് തയ്യാറാക്കുന്നു.

മാർച്ച്

- CPTA നടത്തുന്നു.
- വായനയിലും എഴുത്തിലും കുട്ടിയുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- മികവുകൾ പരിചയപ്പെടുത്തുന്നു.
- അവതരിപ്പിക്കുന്നു.

# ഗണിതം

ആമുഖം:-

• ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചവരുമാണ് മൂന്നാം ക്ലാസിലെ കുട്ടികൾ. അതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകല്പന ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.

ലക്ഷ്യങ്ങൾ

• മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

• ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമായ മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക.

• സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കൽ.

• മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

## പ്രവർത്തന പദ്ധതികൾ

- ജൂൺ
  - ഗണിത വിജയം കളികൾ.
  - സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു (രണ്ടെണ്ണം)
  - കിട്ടിയ സംഖ്യ വായിക്കുന്നു.
  - മറ്റുള്ളവർ സംഖ്യ എഴുതുന്നു.
  - തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാനവസരം.
  - ആരോഹണാവരോഹണത്തിൽ പറയുന്നു. എഴുതുന്നു.

ജൂലൈ
- ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു.
- അതിനടുത്തുള്ള സംഖ്യകൾ എഴുതുന്നു (10 എണ്ണം)
- ഇവയെ കളികളോട് ഉപയോഗിച്ച് 1,10, 100 ന്റെ കൂട്ടങ്ങളാക്കി മാറ്റുന്നു.

ആഗസ്റ്റ്
- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.
- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കുന്നു
- 100. വീതം കൂട്ടി 1000 വരെ പറയുന്നു.

സെപ്തംബർ
- സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു. അവ തമ്മിലുള്ള സങ്കലനം, വ്യവകലനം എന്നിവ കണ്ടെത്തുന്നു.
- ക്രിയ ചെയ്യുന്നു.

ഒക്ടോബർ / നവംബർ

- ഗണിത വിജയം കളികൾ.
- കുട്ടികൾ ഗണിത ക്രിയകൾ നൽകുന്നു. അതിന്റെ ഉത്തരം ടീച്ചർ ബി.ബിയിൽ എഴുതുന്നു. ആരുടെയൊക്കെ ഉത്തരം ബി.ബിയിൽ വന്നിട്ടുണ്ട്. കണ്ടെത്തുന്നു.

ഡിസംബർ

- വർക്ക്ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത ഒരുക്കൽ ഗണിതാശയ രൂപീകരണം നടത്തൽ.
- അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത മൂന്നക്ക സംഖ്യകൾ ഉണ്ടാക്കൽ.
- ഗണിത കേളികളിൽ ഏർപ്പെടുന്നു

ജനുവരി

- കച്ചവട കളി.
- കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവടകളി കളിക്കുന്നു.

ഫെബ്രുവരി

- പ്രായോഗിക പ്രശ്ന പരിഹരണം നടത്തുന്നു.
- ത്രാസ്, അളവ് പാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം

മാർച്ച്

- ഗണിത വിജയ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തൽ.
- CPTA നടത്തുന്നു.
- മികവുകൾ പരിചയപ്പെടുത്തുന്നു
- അവതരിപ്പിക്കുന്നു.

# English - Master plan.

## Aim

To speak, Read and writing English without any mistakes.

**Time** :- June to March

To check the vocabulary and writing skills of pupils

## Activities

### June and July.

Pre test : To develope listening skills and reading skills.

Listening skills :

Games. Action Songs.

- Hello English Activities
- conversations
- Skit Stories.
- use ICT

Speaking skills :-

Identify the naming words from the picture

- Identify the action words from the picture.

Make simple description about the picture.

- Growing sentences... picture reading. Self introductions.

August and Spetember

· Develop the creative speaking and writing.

Reading skills :-

Books reading
Find words
Collect and read past tense
Rhyming words.
TB Activities.

Writing skills :-

Make word web
Picture description

Word chain
Make words and Sentences
Make riddles, Conversations
Add more lines.

October and November:

To express thoughts, feelings etc...

Reading skills

- Library book reading
· Conversations, skit, stories, use ICT
Read notice
Develop story

Writing skills

- Description
- Thoughts

December and January

Develop the creative speaking and writing

Reading skills

- Library books reading
- Conversations skit stories use ICT
- Develop story
- Reads dairy

Writing skills

Dairy
Announcement

February and March

To improve the presentation power.

Reading skills

Library books reading
Conversations skit stories
Develop story

Writing skills.

- Dairy
- Descriptions
- Thoughts
- Exibition

ക്ലാസ്: മൂന്ന്

വിഷയം: പരിസരപഠനം.

• ലക്ഷ്യം : 1

· പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

· ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

ജൂൺ - ഒക്ടോബർ

പ്രകൃതി നടത്തം.

· ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.

· പ്രത്യേകതകൾ മനസ്സിലാക്കാം.

· വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം

· ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച.

· നമ്മുടെ ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം.
സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)

· പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ
മനസ്സിലാക്കാം (ഡോക്യുമെന്ററി പ്രദർശനം)

· ചർച്ച - തെറ്റും ശരിയും

ജൂൺ - മാർച്ച്

പൂന്തോട്ടം ഒരുക്കാം

· സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ

· വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ.

ജൂൺ – മാർച്ച്

ഒരു തൈ നടാം

· പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ

· നട്ട വൃക്ഷത്തൈ പരിപാലിക്കൽ

ജൂൺ

പോസ്റ്റർ നിർമ്മാണം

- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ
- പരിസരങ്ങളിൽ പതിക്കൽ

മാർച്ച് - മെയ്

ദാഹജലം

- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരണം.

ലക്ഷ്യം : 2

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

ജൂൺ - മാർച്ച്

ദിന കൃത്യങ്ങൾ

- ഓരോ ദിവസവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.
- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു.

ജൂലൈ - മാർച്ച്

നമ്പർ വൺ

- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
- വ്യക്തി ശുചിത്വം ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.

ജൂൺ - ഡിസംബർ

പരിസര നടത്തം

- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ
- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.

ജൂലൈ - മാർച്ച്

നല്ല ശീലം

- പോസ്റ്ററുകൾ തയ്യാറാക്കാം
- പരിസരങ്ങളിൽ പതിക്കാം

ലക്ഷ്യം : 3

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

ജനുവരി - മാർച്ച്

ഫീൽഡ് ട്രിപ്പ്

- നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. [കുളം, വയൽ, കാട് .. etc)

ഡിസംബർ - ഫെബ്രുവരി

പരീക്ഷണങ്ങൾ

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ - ഫെബ്രുവരി

ശാസ്ത്രജ്ഞന്മാരോടൊപ്പം

- ക്ലാസ്
- മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.

ജനുവരി- മാർച്ച്

പക്ഷിനിരീക്ഷണം

- ക്യാമ്പ്
- പക്ഷിനിരീക്ഷണത്തിന് അവസരം

# മലയാളം IV

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ്ടീച്ചർ | PTA ഫണ്ട്. |
| <u>വായിക്കാം വളരാം</u> | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തകപരിചയം വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തകസംവാദം, ആനുകാലികവായന | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ CPTA | PTA |
| <u>എഴുത്താണിയാം</u> | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽനിന്നും പഠനപ്രവർത്തനങ്ങളിൽനിന്നും നേടിയശേഷികൾ | പ്രതിമാസം വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | PTA |
| <u>എഴുത്തുകാരുമായി സംവദിക്കൽ</u> | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം<br>അറിവ് ഡോക്യുമെന്ററിയിലൂടെ നേടാൻ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| രുചിച്ചറിയാം<br>നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടാൻ. | ഭക്ഷ്യമേള<br>പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ).<br>സാഹിത്യകാരന്മാരുടെ ജനന-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയാൻ. | ഓർമ്മദിനങ്ങൾ ആചരിക്കൽ<br>ഡോക്യുമെന്ററി പ്രദർശനം<br>വ്യക്തിത്വ പരിചയം<br>ക്വിസ്, ലഘുപ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | വർഷത്തിലൊന്ന് | [illegible]<br>SRG<br>CPTA<br>ക്ലാസ്ടീച്ചർ | [illegible] |
| കലക്കൂട്<br>പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയാൻ. | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം, ക്ലാസ്മുറിയിലേക്ക് കലാവതരണം. | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ. | PTA |

| | | | | |
|---|---|---|---|---|
| | കാലവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചിത്രങ്ങൾ, പ്രദർശനം. | | | |
| **സർഗ്ഗോത്സവം**<br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ്ടീച്ചർ | PTA |

standard. 4

# ENGLISH - Master plan

June- March

check the vocabulary and writing skills of Pupils.

Activities. Pre test.- To develop listening Skills and reading Skills.

Listening skills.

Games, Action. Songs.

- Hello english Activities.
- Conversation.
- Skit Stories.
- Use ICT.

=> speaking kills :- Identify the naming words from the picture.
Make the simple Sentences using the word about picture.
Growing Sentences. picture reading, Self Introductions.

=> Reading skills :-
Books Reading. , Find words.
Collect and read Past tense.
Rhyming words., T.B Activities.

=> writing skills :-
make word web
Picture description.

word chain.
Make words. & Sentences.
Make riddles. & Conversations. ]
Add more lines.

To express thoughts. feelings, etc.....

Read Notice
Develop Story
skit, stories, use ICT.
Library books reading.
Dairy
Announcement.
Exibition.

# ഗണിതം IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം ഗണിതം.** | | | | |
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾക്ക് ആസൂത്രണം ചെയ്യൽ നടപ്പാക്കൽ<br>ക്വിസ്നിർമ്മാണം<br>ഗുണനപ്പാഠങ്ങളും, ഡൈസ്കളി, സങ്കലനം, വ്യവകലനം. ചീട്ടുകളി. | വർഷം മുഴുവൻ | SRG.<br>ക്ലാസ്ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിതശാസ്ത്രപഠനം രസകരമാക്കൽ - കരചലനശേഷിവികാസം | ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം. | വർഷത്തിലൊരിക്കൽ (മേളാസമയത്ത്) | ക്ലാസ്ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിതപഠനപ്രവർത്തനം സുസാധ്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | PTA |
| **ഗണിതപഠനോപകരണശിൽപശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം. | ആവശ്യാനുസരണം. | ക്ലാസ്ടീച്ചർ | PTA |

## മാസ്റ്റർ പ്ലാൻ 2025-26 (സ്കൂൾ തലം)

### പരിസരപഠനം - IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം<br>അറിവുനിർമ്മാണം നിരീക്ഷണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമൂല<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കാൻ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര വിസ്മയ ചുവർ<br>ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ<br>PTA | PTA |
| ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം (പഠനോത്സവം) | വർഷത്തിലൊരിക്കൽ | SRG<br>HM<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | പ്രദർശനം. | | | |
| ഗണിതമേള | | | | |
| ഗണിതശാസ്ത്ര ഇവട പ്രകടനം. | പ്രശ്നോത്തരി, പസിൽ പാറ്റേൺ പഠനഉൽപന്നങ്ങൾ ഇവട പ്രദർശനം. | വർഷത്തിലൊന്ന്. | SRG ജസ്റ്റിലിൻ | PTA |

# എൽ പി - അറബിക്

:- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ ഒന്നിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | ഒന്നിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിനു മുൻപിൽ പങ്കിടുന്ന രീതികൾ | നിർവഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1. അക്ഷരകാർഡുകൾ നൽകുന്നു<br>2. അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3. ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിക്കുന്നു<br>4. അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിക്കുന്നു<br>5. ICT ഉപയോഗിക്കുന്നു | 1. ഒറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2. രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപ്പീഠം സഹായി ഉപയോഗിക്കുന്നു<br>4. കളികളിൽ അക്ഷരയാത്ര | 1. കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2. ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ ജൂലൈ ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നേടിയെടുക്കാൻ കണ്ടെത്തിയ പരിപാടികൾ | ചെയ്തിട്ട് വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | മുൻപിൽ പങ്കെടുക്കുന്ന രീതികൾ | |
|---|---|---|---|---|---|
| പദനിർമ്മാണം പദശേഖരണം | 1. അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2. പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു<br>പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിക്കുന്നു<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | ...................................<br>നിത്യജീവിതത്തിൽ ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ- രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓണം ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പൂക്കൾ ഉൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |

# ഉള്ളടക്കം

യുപി തലം

## ഭാഷാടിസ്ഥാനത്തിൽ

- മലയാളം
- ഇംഗ്ലീഷ്
- ഹിന്ദി
- അറബിക്
- ഉർദു

## വിഷയാടിസ്ഥാനത്തിൽ

- ഗണിതം
- സാമൂഹ്യശാസ്ത്രം
- അടിസ്ഥാനശാസ്ത്രം.

## അക്കാദമിക മാസ്റ്റർ പ്ലാൻ
## യുപി - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ① ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു. | * പ്രീ ടെസ്റ്റ് | ജൂൺ | | |
| | → അക്ഷരക്കാർഡ് നൽകി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ. അതുപയോഗപ്പെടുത്തി വാക്കുകൾ നിർമ്മിക്കൽ. | ജൂൺ | മുഴുവൻ അധ്യാപകർ | |
| | → വാക്കുകൾ എഴുതിയ കാർഡുകൾ ഉപയോഗപ്പെടുത്തി വാക്യങ്ങൾ നിർമ്മിക്കൽ. | ജൂലൈ | പിടിഎ | |
| | → ചിത്രങ്ങൾ നൽകുകയും അതുപയോഗപ്പെടുത്തി അടിക്കുറിപ്പ് നിർമ്മാണവും ഇതേ ചിത്രത്തെ അടിസ്ഥാനമാക്കി കഥയെഴുത്തിലേക്ക് കടക്കുന്നു. | ജൂലൈ | | |
| | - ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അക്ഷരങ്ങളും ചിഹ്നങ്ങളും അടങ്ങിയ കാർഡുകൾ നൽകി ചെറുവാക്കുകൾ നിർമ്മിക്കുന്ന പ്രവർത്തനം. | ആഗസ്റ്റ് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ② പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | • സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, നവീകരണവും ക്ലാസ്‌വായനാക്കൂട്ടം രൂപീകരിക്കൽ.<br>• പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>• പത്രം കുട്ടികളെക്കൊണ്ട് ക്ലാസിൽ വായിപ്പിക്കുന്നു. അതാത് മാസത്തെ പ്രധാനസംഭവങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. | ജൂൺ ജൂലൈ<br>ജൂൺ - മാർച്ച്. | | |
| ③ വായന പരിപോഷിപ്പിക്കൽ / സർഗാത്മകത വളർത്തൽ. | • സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് / ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• ദിനാചരണങ്ങൾ നടത്തൽ<br>• ഇ - വായന. | പ്രതി - വാരം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ⑥ സദസ്സിനെ അഭിമുഖീകരിക്കൽ പ്രാപ്തരാക്കൽ | - പ്രസംഗ പരിശീലന കളരി (പരിശീലകൻ)<br>- വിവിധ വിഷയങ്ങൾ നൽകി സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകൽ മികച്ചവ തിരഞ്ഞെടുക്കൽ | ഒക്ടോബർ - ഫെബ്രുവരി | മലയാളം അധ്യാപകർ | 5000 |
| ⑦ ശില്പശാലകൾ | രചനയിൽ താൽപര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കൽ ഉൽപന്നങ്ങൾ, കയ്യെഴുത്ത് മാസിക, ഡിജിറ്റൽ മാസിക നിർമ്മാണം പ്രസിദ്ധീകരണം | ഫെബ്രുവരി മാർച്ച് | വിദ്യാലയം | 2000 |

Activities.

Speech, book review, Quiz, riddles, self introduction, School radio etc.

August and september.

Develop the creative speaking and writing.

Reading skills

1. News paper reading, library books reading book review, reading breaking news.
2. Find words.
3. Collect and read past tense.
4. Rhyming words.
5. describing words.
6. Text book activities.

Writing skills

1. Make word web.
2. Picture description with describing words.
3. word chain, sentence chain
4. Add more lines

Activities

speech, book review, quiz, riddles, self introduction, School radio, makes description, magazines etc.

# Academic Master Plan 2025-'26

## ENGLISH

Aim — To Speak, Read and write English without any mistakes.

Time - June to March.

PRETEST.

To check the vocabulary and writing skills of pupils

June and July

To develop listening skills and reading skills.

Listening skills

1. Games, Action songs - Hello English activities
2. Conversations, skit, Stories

Use ICT

Speaking skills.

1. Identify the naming words from the picture
2. Identify the action words from the same pictures.
3. Make simple sentences using the action word and naming words about the pictures.
4. Make symbol description about the picture.
5. Greeting sentences, Pictures reading, self introduction Assembly are also conduct.

October and November.

To Express thoughts feeling etc.

Reading skill

1. News paper reading, library books reading, book review, reading.
2. Conversations, Skit, Stories, use ICT materials
3. Read breaking news.
4. Develop story.
5. Read notice.

Writing skills.

1. News paper reading, library books reading, book review, reading.
2. Conversations, Skit, Stories, use ICT materials.
3. Read breaking news.
4. Develop stories
5. Read diary.
6. Read letters from friends.

Writing Skills

1. Diary
2. Letter
3. Announcement.

Activities

Speech, quiz, riddles, school radio, makes magazines, skits, class room Post office etc.

December and January.

1. Develop the Creative Speaking and writing
2. To express thoughts feelings etc.
8.

Reading skills.

1. News paper reading, library book reading book review, reading.
2. Conversations, Skit, Stories, use ICT materials
3. Reads breaking News
4. develop Stories
5. Read diary.
6. Reads letters from friends

Activities

/ Speech, quiz, riddles, School radio, make magazines, Skit, class room past office etc.

February and March.

To improve the presentation power.

Reading skills.

1. News paper reading, library books reading, book review, reading.
2. Conversations, Skit, Stories use ICT materials.
3. Reads breaking news
4. Develop story.

| മേഖല ഉം പി. ഹിന്ദി | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5, 6, 7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി അക്ഷരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും, അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കും. പഠിപ്പിച്ചുറപ്പിക്കുക. | പുതിയ പദങ്ങൾ, വാക്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുത്ത് പഠിപ്പിക്കും. ~~ചിത്രം.~~ ചിത്രങ്ങൾ, അക്ഷരമാലചാർട്ട്, സിഡിയിൽ അക്ഷര രചന ക്ലാസിൽ കാണിക്കൽ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന:- തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിനനുസരിച്ച് തന്നെ ഹിന്ദിയിൽ വാക്യങ്ങളും കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി സംസാരം:- ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി കഴിയുന്നതും ക്ലാസുകളിൽ ഉപയോഗിക്കും. അതുകൊണ്ട് കുട്ടികളോട് ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ ~~സംസാരിക്കാൻ~~ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും. വായനയ്ക്ക്:- ഹിന്ദി തെറ്റിച്ച് അധ്യാപകർ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയായി വായിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

5. Read diary
6. Reads letters from friends.

Writing skills.

1. Diary
2. Letter
3. Announcement
4. description
5. notice proclamation.
6. Thought.

Activities

Speech, quiz, riddles, school radio, magazines making, skit, class room post office, exibitions etc.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിന് വേണ്ടി | ***<u>അറബി ടൈപിംഗ്</u>*** <br> അറബി ടൈപിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ , ഹർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു | 6 മാസം | ലാപ്പ് , കമ്പ്യൂട്ടർ , കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥളും കുട്ടികളിലേക്ക് എത്തുക | **<u>യൂണിറ്റ് തല നിഘണ്ടു നിർമാണം</u>**<br>ഒരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു | 6 മാസം | |
| കുട്ടികൾക്ക് കലാപരിപടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | **<u>സ്കൂൾ റേഡിയോ</u>**<br>കഥ, പ്രസംഗം , ഗാനം , വാർത്തകൾ അവതരിപ്പിക്കുന്നു | ഒരു വർഷം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക | **പുതിയ പദം പരിചയപ്പെടൽ** ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, കാർഡുകൾ, സി ഡി കൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | **കൈത്താങ്ങ്**<br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ,<br>കാർഡുകൾ |

വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ഉർദു ഭാഷയെ കുറിച്ച് സാമാന്യ അവബോധം ഉണ്ടാക്കുക.

| ക്രമ നമ്പർ | പ്രവർത്തനം | നടപ്പിൽ വരുത്തുന്ന വിധം | കാലയളവ് | ചുമതല | ഫണ്ട്. |
|---|---|---|---|---|---|
| 1 | ഭാഷ കേൾക്കൽ ആസ്വദിക്കൽ | ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ കഥ, കവിത, സംഭാഷണ ക്ലിപ്പുകൾ കേൾപ്പിക്കൽ | മാസത്തിൽ ഒരു പിരീഡ് | ഉർദു ക്ലബ്ബ് | |
| 2 | വായന | ഉർദു വായിക്കാൻ കഴിയും എന്ന് ഉറപ്പാക്കാൻ വായന മത്സരങ്ങൾ നടത്തൽ, ബാല മാസികകൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | ഒരു വർഷം | ഉർദു ക്ലബ്ബ് | |
| 3 | ഭംഗിയുള്ള കൈ എഴുത്ത് | ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്ന ലക്ഷ്യ പൂർത്തികരണത്തിന് വേണ്ടി. | മാസത്തിൽ ഒരു മണിക്കൂർ | | |
| 4 | ഉർദു പൊതു വിജ്ഞാനം ഉയർത്തൽ | പൊതുവായും ഉർദുവിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി നോട്ടീസ് ബോർഡിൽ ഓരോ ആഴ്ചയിലും ചോദ്യങ്ങളും | എല്ലാ മാസവും | ഉർദു ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
| --- | --- | --- | --- | --- |
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 1. മികവിന്റെ വഴിയിൽ<br>▶ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>▶ മുന്നറിവ് പരിശോധിക്കൽ<br>▶ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>▶ വാചകങ്ങൾ നിർമ്മിക്കൽ<br>▶ ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | 2.വായനാവസന്തം<br>▶ വായന മത്സരം<br>▶ ക്ലാസ് ലൈബ്രറി<br>▶ സ്കൂൾ ലൈബ്രറി<br>▶ വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>▶ വായന കുറിപ്പുകൾ<br>▶ അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി. | BRC<br>LSG<br>SMC<br>PTA<br>OSF |
| | 3.എഴുത്തുത്സവം<br>▶ എഴുത്തുകൂട്ടം<br>▶ പതിപ്പുകളുടെ നിർമാണം<br>▶ വായന കുറിപ്പ് ശേഖരണം<br>▶ ഇൻലന്റ് മാഗസിൻ<br>▶ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>▶ ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>▶ ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>▶ മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>▶ യാത്രകൾ<br>▶ അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>▶ ഭാഷ കളികൾ അറബിക് അസംബ്ലി<br>▶ ഭാഷാ പ്രദർശനം<br>▶ ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | 5. ലാംഗ്വേജ് ലാബ്<br>▶ സ്മാർട്ട് ക്ലാസ്റൂം .<br>▶ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>▶ ചിത്രീകരണങ്ങൾ<br>▶ സിനിമ<br>▶ ആനിമേഷൻ<br>▶ സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സഹായങ്ങൾ വിശകലനം |
|---|---|---|---|---|
| • സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | മെമ്മറി ടെസ്റ്റ്, പസിൽ - രാജ്യങ്ങൾ കണ്ടെത്തുക പദപ്രശ്നം ഗ്ലോബ്, മാപ്പ്, അറ്റ്ലസ് പരിചയപ്പെടുത്തുക, രാജ്യങ്ങളുടെ നാണയങ്ങൾ, സ്റ്റാമ്പു ശേഖരണം | ജൂൺ, ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര. അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്, PTA |
| • പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കിമാറ്റുക | ഫീൽഡ്ട്രിപ്പ്, ICT, video clips | | | |
| • ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | ചോദ്യാവലി, ഇന്റർവ്യൂ, പഞ്ചായത്ത് സന്ദർശനം | | | |
| • പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ പഠിതാക്കളെ ബോധവാന്മാരാക്കുക | പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ചുള്ള വീഡിയോ പ്രദർശിപ്പിക്കുക അഗ്നിശമന സേനാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration class സംഘടിപ്പിക്കുക | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| * അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തൽ. | ഗണിതക്ലിനിക്ക് (കളികളിലൂടെയും മറ്റു സഹായങ്ങളോടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ). | June - February (ആഴ്ചയിൽ ഒരു ദിവസം) | Maths teachers and leaders | |
| * ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ + ക്ലബ് അംഗങ്ങൾ | |
| * ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യത - ഗണിതത്തിൽ | IT സാധ്യതകളിലൂടെ Geogebra | മാസത്തിൽ ഒരു ദിവസം | ഗണിത അധ്യാപകർ | |
| * ജ്യാമിതീയ രൂപങ്ങളെ പരിചയപ്പെടൽ, Pattern വരക്കൽ | ഗണിത ചാർട്ട് - ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ, വിവിധ പാറ്റേണുകൾ പരിചയപ്പെടുത്തൽ, വരക്കൽ, പ്രദർശനം | വർഷത്തിൽ ഒരു ദിവസം | Maths club. | |

| | | | | | |
|---|---|---|---|---|---|
| | | ഉത്തരങ്ങളും പ്രദർശിപ്പിക്കൽ, ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കൽ | | | |
| 5 | നോട്ടീസ് ബോർഡ് | ഉർദു ക്ലബ്ബ് വാർത്തകളും വിവരങ്ങളും ഉർദു ഭാഷയുമായി ബന്ധപ്പെട്ട പൊതു വാർത്തകളും സ്കൂളിലെ എല്ലാവരിലും എത്തിക്കാൻ നോട്ടീസ് ബോർഡ് സ്ഥാപിക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് | |
| 6 | ഹൈടെക് ഉർദു. | ഉർദു ക്ലാസ്സ് റൂം ഭാഷ പഠന സാഹചര്യം ഒരുക്കും വിധം ഹൈടെക് ഉർദു ഭാഷ ക്ലാസ്സ് ഒരുക്കൽ. ഉർദു അക്ഷരങ്ങൾ, പദങ്ങൾ തുടങ്ങിയ വ ക്ലാസ്സ് റൂം ചുമരുകളിൽ സജ്ജീകരിക്കൽ | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| | 8. പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഗ്രോബാഗ് നിർമ്മാണം | ആഗസ്റ്റ് | ശാസ്ത്ര അധ്യാപിക | ശാസ്ത്ര ക്ലബ്ബ്, ശാസ്ത്രാധ്യാപകർ | |
| | 9. സ്കൂൾ ശാസ്ത്രമേള | സെപ്റ്റംബർ | " " | | |
| ശാസ്ത്ര വിദ്യാഭ്യാസത്തിൽ ആർജ്ജിച്ച നേട്ടങ്ങളെ ദൈനംദിന ജീവിതവുമായി എങ്ങനെ ബന്ധിപ്പിക്കാം ? എന്ന ചിന്താഗതി കുട്ടികളിൽ വളർത്തിയെടുക്കുന്നു. | 10. ആരോഗ്യവിദഗ്ദരുമായുള്ള അഭിമുഖം | ഒക്ടോബർ | " " | ശാസ്ത്രക്ലബ്ബ്, അധ്യാപകർ, PTA | |
| | 11. പ്ലാസ്റ്റിക് മാലിന്യമുക്ത - അഭിമുഖം | നവംബർ | " " | | |
| | 12. ദേശീയ ഊർജ്ജ സംരക്ഷണ ദിനം - പോസ്റ്റർ നിർമ്മാണം | ഡിസംബർ | " " | ശാസ്ത്രാധ്യാപകർ | |
| | 13. ശാസ്ത്ര പുസ്തകങ്ങളെ പരിചയപ്പെടൽ | ജനുവരി. | " " | " " | |
| | 14. Science Day - ക്വിസ് - വീഡിയോ പ്രദർശനം (സി.വി.രാമൻ). | ഫെബ്രുവരി | " " | " " | |

# Academic Master Plan - 2025'-26 - Basic Science.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| | 1. സയൻസ് ലാബ് സജ്ജീകരണം | ജൂൺ | സയൻസ് ക്ലബ്ബ് | | |
| | 2. ക്ലബ്ബ് രൂപീകരണം | ജൂൺ - മാർച്ച് | " " | | |
| * പരിസ്ഥിതിയെ നിരീക്ഷണങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ പ്രാപ്തരാക്കുക. | 3. ഓരോ ക്ലാസിലും ശാസ്ത്രകോർണർ | " " | " " | | |
| | 4. ശാസ്ത്ര ലാബ് ക്ലാസുകളിൽ, ശാസ്ത്രകിറ്റ് | " " | " " | | |
| | 5. പരിസ്ഥിതിദിനം: പോസ്റ്റർ നിർമ്മാണം വൃക്ഷത്തൈ നടൽ പരിസ്ഥിതി ദിന കുറിപ്പ്. | ജൂൺ | " " | ശാസ്ത്രജ്ഞർ ശാസ്ത്രാധ്യാപകർ | |
| * കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക. | 6. ആവാസ വ്യവസ്ഥാ സന്ദർശനം | ജൂൺ | " " | ശാസ്ത്രജ്ഞർ അധ്യാപകർ | |
| | 7. ചാന്ദ്രദിനം: വീഡിയോ പ്രദർശനം പോസ്റ്റർ നിർമ്മാണം | ജൂലൈ | " " | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്ഥാപനേതര വിഭവം |
|---|---|---|---|---|
| • സഹജീവികളോട് സമഭാവന പുലർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങളിൽ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| • വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം.<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| • സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | • കാടെവിടെ മക്കളേ? (പരിസ്ഥിതി, സർവേ)<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |